പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3100 07.02.2018-ലെ മറുപടിക്ക്

**'ചീമേനി ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി'**

**ചോദ്യം** **മറുപടി**

ശ്രീ.എം.രാജഗോപാലൻ

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| കയ്യൂർ ചീമേനി പഞ്ചായത്തിലെ ചീമേനി ഭൂപ്രശ്നം പരിഹരിക്കുന്നതിന് മുൻപുണ്ടായിരുന്ന വ്യവസ്ഥപ്രകാരം എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനി എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്; അവശേഷിക്കുന്ന കുടുംബങ്ങൾക്ക് കൂടി പട്ടയം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ചീമേനി വില്ലേജിൽ ശ്രീ.ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി, പെരിയാർ &പെരിക്കണ്ണി റബ്ബർ ലിമിറ്റഡ് എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിലെ കൈവശക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ച് 17/05/2010-ന് സർക്കാർ ഉത്തരവ് (കൈ.)നമ്പർ.175/2010/റവന്യൂ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 281 പേർക്ക് പട്ടയം നൽകുന്നതിന് ഉത്തരവായിരുന്നു. ഇവരിൽ 92 പേർക്ക് നേരത്തെ തന്നെ ലാൻഡ് ട്രൈബ്യൂണൽ പട്ടയം ഉള്ളതാണ്. ടി ഉത്തരവ് പ്രകാരം 11 പേർക്ക് പതിവ് പ്രമാണവും 59 പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയവും നൽകിയിട്ടുണ്ട് (ആകെ 70 പേർക്ക് പട്ടയം നൽകി). മേൽ ഉത്തരവ് പ്രകാരം 119 പേർക്ക്കൂടി കൈവശഭൂമിയുടെ പട്ടയം അനുവദിക്കാൻ ശേഷിക്കുന്നുണ്ട്. ഇവയിലധികവും മാർക്കറ്റ് വില ഈടാക്കി ഭൂമി പതിച്ചു നൽകാനുള്ളതാണ്.<br>28/01/2016-ലെ സർക്കാർ ഉത്തരവ് (കൈ.) നം.62/2016/റവന്യൂ പ്രകാരം 116 പേരിൽ നിന്ന് ഭൂനികുതി സ്വീകരിച്ച് കൈവശ രേഖ നൽകുന്നതിന് ഉത്തരവായിരുന്നു. ഇതിൽ 25 പേർക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം ഉള്ളതാണ്. 38 പേർക്ക് 13/05/2017-ൽ പട്ടയം അനുവദിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഇനി 53 കേസുകളിൽ പട്ടയം അനുവദിക്കേണ്ടതുണ്ട്. ഇതിൽ 18 എണ്ണത്തിൽ സർവ്വെ നമ്പർ പിശകായുള്ള 2 എണ്ണത്തിന് ഒഴികെ ബാക്കി 16 കേസുകളുടെ എസ്.എം. പ്രൊപ്പോസലുകൾ വില്ലേജ് ഓഫീസർ സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) കാസർഗോഡിന് സമർപ്പിച്ചിട്ടുണ്ട്. അതിൽ വാദം നടന്നുവരുന്നു. അവശേഷിക്കുന്ന 35 കേസുകൾ സ്ഥലത്തിന്റെ കമ്പോള വില ഈടാക്കി കൈവശ ഭൂമി പതിച്ചു നൽകുന്ന വിഭാഗത്തിൽപ്പെടുന്നതാണ്. ഇതിനായി സ്ഥലം സർവ്വെ ചെയ്ത് കൈവശങ്ങളുടെ സ്കെച്ച്, സ്ഥലത്തിന്റെ കമ്പോള വില എന്നിവ ഉൾപ്പെട്ട വിശദമായ പ്രൊപ്പോസൽ ഹോസ്ദുർഗ്ഗ് തഹസിൽദാർ ലഭ്യമാക്കുന്ന മുറയ്ക്കാണ് കാസർഗോഡ് ജില്ലാകലക്ടർ നടപടി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ